(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താവിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുക, അതിനുശേഷവും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താവിന്റെ പേരിൽ റവന്യു റിക്കവറി നടപടികൾ ആരംഭിക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ദീർഘകാല കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'കളും നടപ്പിലാക്കുന്നുണ്ട്.

റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി

21 (406) ശ്രീ. കെ. മുരളീധരൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം.എ. വാഹീദ്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. നാഷണൽ താരിഫ് പോളിസിയും സംസ്ഥാന റെഗുലേറ്ററി കമ്മിഷൻപുറപ്പെടുവിച്ച ചട്ടങ്ങളും നിഷ്കർഷിക്കുന്ന തോതിൽ നവീകരണീയ വൈദ്യുതി ഉത്പാദിപ്പിച്ച് നവീകരണോർജ്ജ ക്രയബാധ്യത നിറവേറ്റുക.
2. പ്രസരണ വിതരണ സംവിധാനങ്ങളിലുണ്ടാകുന്ന വൈദ്യുതി നഷ്ടം കുറയ്ക്കുക.
3. ഉപഭോക്താവിന് നിർദ്ദിഷ്ട വോൾട്ടേജിലുള്ള വൈദ്യുതി ലഭ്യമാക്കുക.
4. ഹരിത ഊർജ്ജം പരമാവധി ഉത്പാദിപ്പിച്ച് സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ ഉറപ്പാക്കുക.
5. സോളാർ പദ്ധതികൾ സ്ഥാപിക്കാനുള്ള കേരളത്തിന്റെ സ്ഥല പരിമിതിക്ക് റൂഫ് ടോപ്പ് ഒരു പരിഹാരമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2012-13-ൽ ഭരണാനുമതി ലഭിച്ച 10000 സൗരഗൃഹ പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാർ 24.96 കോടി രൂപ വകയിരുത്തി. തുടർന്ന് ഇവയിൽ നടപ്പിലാക്കാതെ ബാക്കിയുണ്ടായിരുന്ന 3600 പ്ലാന്റുകൾ നടപ്പിലാക്കുന്നതിനായി 2014-15-ൽ 14.04 കോടി രൂപയും വകയിരുത്തി. ഇതിൽ ഏകദേശം 25.04 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയും ചെലവഴിക്കുന്നതാണ്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2015-16 കാലയളവിൽ സംസ്ഥാന സർക്കാർ 15.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നു. റിന്യൂവബിൾ എനർജി പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് എന്ന പ്രത്യേക വിഭാഗത്തിന് രൂപംനൽകി ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേരള കോസ്റ്റൽ ഡെവലപ്മെന്റ് ഏജൻസി ഫണ്ട്

22 (407) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോസ്റ്റൽ ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നുമുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ, ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുതയിനത്തിൽ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുവാൻ തീരുമാനിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നും എന്തുകൊണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യഗ്രാമം-എടവനക്കാട് ,ഫിഷിംങ് വില്ലേജ് വൈദ്യുതീകരണ പ്രവൃത്തികൾ പ്രസ്തുത മണ്ഡലത്തിൽ കെ.സി.ഡി.എ. ഫണ്ട് ഉപയോഗപ്പെടുത്തി ഏറ്റെടുത്തത് നടപ്പിലാക്കുന്നു.

(ബി) വഴി വിളക്കുകൾ സ്ഥാപിക്കൽ, ത്രീഫേസ് ലൈൻ കൺവേർഷൻ, ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ, എച്ച്.റ്റി. ലൈൻ നിർമ്മാണം, ത്രീഫേസ് ലൈൻ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നത്. നടപ്പു വർഷത്തിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപയുടെ ചെലവ് വരും.

LIBRARY ARCHIVES Kerala Legislative Assembly